# വാർഷിക റിപ്പോർട്ട് 2015- 16

ബഹുമാന്യരേ,

**ആമുഖം**

സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയുടെ മുപ്പത്തിയഞ്ചാം വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന നിങ്ങളെ ഒരോരുത്തരെയും സംസ്ഥാന സമിതിക്കുവേണ്ടി ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. സഭയുടെ മൺമറഞ്ഞ മുൻകാല നേതാക്കളുടെയും പ്രവർത്തകരുടെയും പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ക്ഷത്രിയ ക്ഷേമസഭയുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനു അംഗങ്ങളുടെ കൂട്ടായ ശ്രമങ്ങൾ കൊണ്ടു മാത്രമേ കഴിയൂ. ഇപ്പോൾ കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലും പ്രാദേശിക യൂണിറ്റുകളും മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ക്ഷത്രിയ സമാജങ്ങളും പ്രവർത്തിച്ചു വരുന്നു. മൂന്നര പതിറ്റാണ്ടു മുമ്പു പ്രവർത്തനം ആരംഭിച്ച ക്ഷത്രിയ ക്ഷേമ സഭ സമുദായ – സേവന രംഗത്ത് ഒട്ടേറെ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. നിരാലംബരും നിസ്സഹായവരുമായ ക്ഷത്രിയ കുടുംബങ്ങൾക്കു സാമ്പത്തിക സഹായം നൽകുക, ഉന്നത വിദ്യാഭ്യാസം തേടുന്ന പാവപ്പെട്ട കുട്ടികൾക്കു സ്കോളർഷിപ്പു നൽകുക, കലാ – കായിക രംഗത്ത് മികവുറ്റവരെ തിരിച്ചറിഞ്ഞ് അവരുടെ സർഗവാസനകളെ പരിപോഷിപ്പിക്കുക, മാരക രോഗങ്ങൾക്കടിമപ്പെട്ടവർക്കു വൈദ്യസഹായവും പരിചരണവും ഉറപ്പുവരുത്തുക തുടങ്ങിയവ സഭാപ്രവർത്തനങ്ങളുടെ ഭാഗമാണ്.

കൂടാതെ നഷ്ടമാകുന്ന ചില അവകാശങ്ങൾ തിരിച്ചു കിട്ടുന്നു എന്നതിന്റെ സൂചനകൾ ദൃശ്യമായിത്തുടങ്ങിയിട്ടുമുണ്ട്. പക്ഷേ, ആ പ്രതീക്ഷകളെല്ലാം യാഥാർഥ്യമാകണമെങ്കിൽ സമ്മേളനങ്ങളിലൂടെ കരുത്തുള്ള വരാകണം. മുൻവർഷങ്ങളിൽ സൂചിപ്പിച്ചതു പോലെ പ്രതിസന്ധികളെ ആത്മസംയമനത്തോടെ അതിജീവിക്കുവാനും മനസ്സിലെ മുറിവുകളെ കരുതലോടെ തൊട്ടുണക്കാനും സഭയുടെ പ്രവർത്തനങ്ങൾ കൊണ്ടു കഴിഞ്ഞിട്ടുണ്ട്. ഇതേസമയം സമുദായത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങളും ലക്ഷ്യങ്ങളും മുൻനിർത്തിയാണ് ഒരോചുവടുംവയ്ക്കുന്നത്.

## വാർഷിക റിപ്പോർട്ടും വരവു ചിലവു കണക്കും.

കോട്ടയം സിഎംഎസ് കോളജിലെ പ്രഫ. അമ്പലപ്പുഴ രാമവർമ്മ നഗറിൽ (ഗ്രേറ്റ് ഹാൾ) 2016 ജനുവരി മൂന്നിനു നടന്ന ക്ഷത്രിയ ക്ഷേമ സഭയുടെ മുപ്പത്തിനാലാമതു വാർഷിക സമ്മേളനത്തിനു ശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണവും 2015–16 സാമ്പത്തിക വർഷത്തെ വരവു –ചിലവു കണക്കും വിശദമായ ചർച്ചയ്ക്കും പൊയുയോഗത്തിന്റെ അംഗീകാര ത്തിനുമായി അവതരിപ്പിക്കുന്നു. സഭയുടെ ചരിത്രത്തിൽ എക്കാലവും ഓർമിപ്പിക്കപ്പെടും വിധം കോട്ടയം സമ്മേളനം വിജയിപ്പിച്ചതിൽ എല്ലാവരോടുമുള്ള നന്ദി ഒരിക്കൽ കൂടി രേഖപ്പെടുത്തുന്നു. ഈ വർഷം ആദ്യമാസമാണ് കഴിഞ്ഞ സംസ്ഥാന വാർഷിക പൊതുയോഗം ചേർന്നത്. വർഷാവസാനം വീണ്ടും ഒത്തു ചേരുമ്പോൾ ഈ വർഷത്തെ തന്നെ രണ്ടാമത്തെ കൂടിചേരലെന്ന അപൂർവതയും സമ്മേളനത്തിനുണ്ട്.

## അനുശോചനം

നമ്മെ വിട്ടുപിരിഞ്ഞ ബന്ധുജനങ്ങളെ ക്ഷത്രിയ ക്ഷേമസഭയുടെ ഭരണ നിർവാഹക സമിതി യോഗങ്ങളിൽ അനുസ്മരിക്കുകയും അവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എക്കാലവും സഭയുടെ അഭ്യുദയകാംക്ഷികളായിരുന്ന അവരുടെ ജ്വലിക്കുന്ന സ്മരണകൾക്കു മുമ്പിൽ ഒരിക്കൽകൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## സംസ്ഥാന ഭരണ സമിതി

കോട്ടയം സിഎംഎസ് കോളജിലെ പ്രഫ. അമ്പലപ്പുഴ രാമവർമ്മ നഗറിൽ (ഗ്രേറ്റ് ഹാൾ) 2016 ജനുവരി മൂന്നിനു നടന്ന ക്ഷത്രിയ ക്ഷേമ സഭയുടെ മുപ്പത്തിനാലാമതു വാർഷികയോഗത്തിലാണ് നിലവിലുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തത്. ഭാരവാഹികളായി സർവശ്രീ. പ്രഫ. കെ.എൻ. സുരേന്ദ്രനാഥവർമ്മ (പ്രസിഡന്റ്), ടി.എം. ശ്രീകുമാർ, കെ.ബി. രാമചന്ദ്രൻ, ആർ. രാ മവർമ്മ (വൈസ് പ്രസിഡന്റുമാർ), ആത്മജ വർമ്മ തമ്പുരാൻ (ജനറൽ സെക്രട്ടറി), ആർ. രവിവർമ്മ (ജോ. സെക്രട്ടറി), പി.ജി. ശശി കുമാർ വർമ്മ (ട്രഷറാർ) എന്നിവരെയും മേഖലാ സെക്രട്ടറിമാരായി വി.സി.കൃഷ്ണവർമ്മ രാജ (ഉത്തരമേഖല), പി.കൃഷ്ണ വർമ്മ (മധ്യമേഖല), ആർ. രാമവർമ്മ (ദക്ഷിണ മേഖല) എന്നിവരെയും തിരഞ്ഞെടുത്തു. സഭയുമായി അഫിലിയേറ്റു ചെയ്തിട്ടുള്ള യൂണിറ്റിലെ പ്രതിനിധികൾ, നിയമാവലി പ്രകാരമുള്ള അനൗദ്യോഗിക അംഗങ്ങൾ എന്നിവരടങ്ങുന്ന ഭരണസമിതിയെയാണ് തിര

ഞ്ഞെടുത്തത്.

2016 ജനുവരി ആദ്യം വാർഷിക പൊതുയോഗവും ഭരണസമിതി തിരഞ്ഞെടുപ്പും നടന്നെങ്കിലും 2016 മാർച്ച് ആറാം തീയതി മാത്രമേ ഭരണ സമിതിയുടെ പ്രഥമയോഗം ചേരാൻ കഴിഞ്ഞുള്ളൂ. അന്നാണ് ഭാരവാഹികൾ ചുമതലയേറ്റതും. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. കെ.ബി. രാമചന്ദ്രന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം സഭാ ആസ്ഥാനത്ത് നടന്ന യോഗത്തിൽ പ്രസിഡന്റ്, ട്രഷറാർ എന്നിവർ ഒഴികെ മറ്റുള്ളവർ അന്നു ചുമതലയേറ്റു. ദേഹാസ്വാസ്ഥ്യത്തെ തുടർന്നു ഡോക്ടർമാർ വിശ്രമം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രസിഡന്റിനു അന്നു വരാൻ കഴിയാതിരുന്നത്. മറ്റു ചില സാങ്കേതിക കാരണങ്ങളാലാണ് ട്രഷറാർക്കു യോഗത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നത്.

## സംസ്ഥാന സമിതി (കേന്ദ്രഭരണ നിർവാഹക സമിതി)

റിപ്പോർട്ടു കാലയളവിൽ സംസ്ഥാന സമിതി (കേന്ദ്രഭരണ നിർവാഹക സമിതി) യോഗം നാലുതവണ മാത്രമേ ചേരാൻ കഴിഞ്ഞുള്ളൂ. ഭരണ സമിതി ചുമതലയേൽക്കാൻ ഉണ്ടായ കാലതാമസവും യോഗത്തിന്റെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. ഇതേസമയം ഇതിനു മുൻവർഷം അഞ്ചു യോഗങ്ങൾ ചേരാൻ കഴിഞ്ഞു. 2016 മാർച്ച് 6 (തിരുവനന്തപുരം സഭ ആസ്ഥാന മന്ദിരം), മേയ് 29 (ചേർത്തല വുഡ് ലാൻഡ്സ് ലോഡ്ജ്), ഓഗസ്റ്റ് 27 ( തൃശൂർ വളർകാവ് ദേവീക്ഷേത്രം ദേവസ്വം ഹാൾ), ഒക്ടോബർ 30 (നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ സെക്രട്ടറി ശ്രീ. പി.സി. കൃഷ്ണ വർമ്മ രാജയുടെ വസതി) എന്നിവിടങ്ങളിലായിരുന്നു യോഗങ്ങൾ. ഇതുകൂടാതെ തിരുവനന്തപുരം സഭ ആസ്ഥാന മന്ദിരം, ചേർത്തല വുഡ് ലാൻഡ്സ് ലോഡ്ജ്, എറണാകുളം കൃഷ്ണ ഇൻ സമീപം ശ്രീ. കെ. രാമവർമ്മയുടെ വസതി, എറണാകുളം ശ്രീതിലക് ശ്രീ.രാജരാജ വർമ്മയുടെ വസതി എന്നിവിടങ്ങളിൽ അടിയന്തര ഗവേണിങ് ബോഡി ചേരുകയുണ്ടായി. ഇതിൽ നീലേശ്വരത്ത് ചേർന്ന സംസ്ഥാന സമിതി യോഗം താരതമ്യേന മറ്റു യോഗങ്ങളെ അപേക്ഷിച്ച് യൂണിറ്റ് ഭാരവാഹികളുടെ ഊഷ്മളമായ ആതിഥ്യമര്യാദ കൊണ്ടും ജീവസ്സുറ്റ ചർച്ചകൾ കൊണ്ടും മികവുറ്റതായി.

## തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി

സഭയുടെ പ്രവർത്തന ചരിത്രത്തിലാദ്യമായി സംസ്ഥാന സമിതി (കേന്ദ്രഭരണ നിർവാഹക സമിതി) ഭാരവാഹികൾക്കും അംഗങ്ങൾക്കും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്താൻ കഴിഞ്ഞു. എന്നാൽ ഇപ്പോൾ പല യൂണിറ്റുകളിലും പുതിയ ഭാരവാഹികൾ ചുമതലയേറ്റതിനാൽ കാർഡുകൾ പുതുക്കി നൽകേണ്ടതായിട്ടുണ്ട്. തിരിച്ചറിയൽ കാർഡ് ഇനിയും ലഭിച്ചിട്ടില്ലാത്ത സംസ്ഥാന സമിതി ഭാരവാഹികളും അംഗങ്ങളും ഫോട്ടോയും വിവരങ്ങളും തിരുവനന്തപുരം കേന്ദ്രസഭാ ഓഫിസിൽ ഏൽപിക്കണം. ഇത് ലഭിക്കുന്നമുറയ്ക്കു കാർഡ് വിതരണം ചെയ്യുന്നതാണ്. യൂണിറ്റ് തലത്തിൽ എല്ലാ അംഗങ്ങൾക്കും തിരിച്ചറിയൽ കാർഡ് നടപ്പാക്കണമെന്ന നിർദ്ദേശവും ഉയർന്നിട്ടുണ്ട്. പൊതുയോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

## സെൻസസ് പൂർത്തിയാക്കൽ

കേരളത്തിലെ സമുദായ അംഗങ്ങളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയെന്നതു വളരെക്കാലം പരിശ്രമിച്ച് നടക്കാതെ വന്ന ഒരു കാര്യമാണ്. ഇക്കാര്യത്തിൽ നിലവിലുള്ള ഭരണ സമിതിക്കു ഒരുപടി മുന്നോട്ടു പോകാൻ കഴിഞ്ഞു. നേരത്തേയുണ്ടായിരുന്ന സെൻസസ് ഫോറം പരിഷ്ക്കരിച്ച് അച്ചടിച്ച് യൂണിറ്റുകൾക്കു നൽകി. നിശ്ചിത കാലയളവിനുള്ളിൽ സെൻസസ് ജോലികൾ പൂർത്തിയാക്കാനും തീരുമാനിച്ചു. ചാലക്കുടി, ചേർത്തല, കുറ്റിലഞ്ഞി, കൊരട്ടി, പന്തളം, നീലേശ്വരം, പിലാത്തറ, തിരുവനന്തപുരം എന്നീ യൂണിറ്റുകൾ ഇതിനോടകം സെൻസസ് ജോലികൾ പൂർണമാക്കി ഫോറങ്ങൾ തിരികെ ഏൽപിച്ചു. ഈ യൂണിറ്റുകൾ അഭിനന്ദനീയവും അനുകരണീയവുമായ പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ നടത്തിയത്. ഇതിൽ ചാലക്കുടി യൂണിറ്റ് മാതൃകാപരമായ പ്രവർത്തനവും കാഴ്ചവെച്ചു. കൊച്ചുകുട്ടികളുടേതടക്കം വിവരങ്ങൾ ചാലക്കുടി യൂണിറ്റ് ഫോറത്തിൽ കൃത്യമായി രേഖപ്പെടുത്തിയിരുന്നു.

കോട്ടയം, തിരുവല്ല, വൈക്കം, കരിവെള്ളൂർ, ഇരിട്ടി, തൃശൂർ, ഇരിഞ്ഞാലക്കുട, വെള്ളാരപ്പള്ളി, എന്നീ യൂണിറ്റുകൾ അറുപതു ശതമാനം ജോലികൾ പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. ഈ യൂണിറ്റുകൾ അല്പം കൂടി ശുഷ്കാന്തി കാണിച്ചാൽ അവരുടെ പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കാൻ കഴിയും. 2017 ജനുവരി ഒന്നിന് മുമ്പ് സെൻസസ് ജോലികൾ പൂർത്തീകരിച്ച് പുതുവർഷത്തെ വരവേൽക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

## യൂണിറ്റുകളിലൂടെ ഒറ്റനോട്ടം

സഭയുടെ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കാൻ പുതിയ യൂണിറ്റുകൾ രൂപീകരിക്കുകയും മന്ദീഭവിച്ച യൂണിറ്റുകൾ സജീവമാക്കുകയും ചെയ്യണമെന്ന ഉദ്ദേശത്തിൽ സംസ്ഥാന സമിതിക്കു ചില ഇടപെടലുകൾ നടത്താൻ കഴിഞ്ഞു. ഇതുമൂലം പുതിയ യൂണിറ്റുകൾ രൂപീകരിക്കാനും നിശ്ചലമായ യൂണിറ്റുകളെ ചലിപ്പിക്കുവാനും കഴിഞ്ഞു. പിലാത്തറയിൽ പുതിയ യൂണിറ്റ് നിലവിൽ വന്നു. ഇതിനായി പരിശ്രമിച്ച സഭയുടെ വൈസ് പ്രസിഡന്റും കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയുമായ ശ്രീ. ടി.എം. ശ്രീകുമാർ, ഉത്തര മേഖല സെക്രട്ടറിയും നീലേശ്വരം

യൂണിറ്റ് സെക്രട്ടറിയുമായ ശ്രീ. വി.സി. കൃഷ്ണവർമ്മ രാജ എന്നിവർക്കു സംസ്ഥാന സമിതിയുടെ അഭിനന്ദനങ്ങൾ.

ഇരിഞ്ഞാലക്കുടയിലും പുതിയ യൂണിറ്റ് നിലവിൽ വന്നു. ഇതിന്റെ പ്രവർത്തന ഉദ്ഘാടനം സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.എൻ. സുരേന്ദ്രനാഥവർമ്മ നിർവഹിച്ചു. യൂണിറ്റു രൂപീകരണത്തിനു മധ്യ മേഖലാ സെക്രട്ടറി ശ്രീ. പി.കൃഷ്ണവർമ്മയുടെ നേതൃത്വത്തിലാണ് അശ്രാന്ത പരിശ്രമം നടത്തിയത്. യുദ്ധകാലാടിസ്ഥാനത്തിൽ യൂണിറ്റ് യാഥാർഥ്യമാക്കാൻ ഒപ്പം നിന്ന എല്ലാവരെയും അഭിനന്ദിക്കാൻ കൂടി ഈ അവസരം വിനിയോഗിക്കട്ടെ.

നിർജീവമായിരുന്ന വൈക്കം യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. വനിതാ യൂണിറ്റാണ് അവിടെ ആദ്യം സജീവമായത്. പിന്നീട് വൈക്കം സഭയും സടകുടഞ്ഞെഴുന്നേറ്റു. വൈക്കത്ത് എറണാകുളം റോഡിൽ മുട്ടത്തിൽ കോവിലകത്തു സഭയ്ക്കു ഓഫീസായി. ഓഫിസിന്റെ പ്രവർത്തനോദ്ഘാടനം സംസ്ഥാന പ്രസിഡന്റ് കെ. എൻ. സുരേന്ദ്രനാഥവർമ്മ നിർവഹിച്ചു. വൈക്കത്തഷ്ടമിക്കു ക്ഷത്രിയർക്കായി അഷ്ടമി സദ്യയും നടത്തി. കേരള സർക്കാരിന്റെ ലോട്ടറി ഏജൻസിയും സഭ ആരംഭിച്ചു. ഗാനരചയിതാവ് ശ്രീ. ശ്രീകുമാരൻ തമ്പിയുടെ വരികൾ കടമെടുത്താൽ 'അന്നു തൊട്ടെൻ മനസിനുള്ളിൽ അഷ്ടമി കേളി തുടങ്ങി...' എന്ന മാനസികാവസ്ഥയാണ് വൈക്കം യൂണിറ്റിനെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിൽ വരുന്നത്. യൂണിറ്റിലെ മുഴുവൻ അംഗങ്ങൾക്കും സംസ്ഥാന സമിതിയുടെ അഭിനന്ദനങ്ങൾ.

എല്ലാ യൂണിറ്റുകളും ഓണാഘോഷവും അതിനോടനുബന്ധിച്ച് യൂണിറ്റ് വാർഷികവും നടത്തുകയുണ്ടായി. മിക്ക യൂണിറ്റുകളിലും സംസ്ഥാന സമിതി ഭാരവാഹികളോ പ്രതിനിധികളോ പങ്കെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ചില യൂണിറ്റുകളിൽ പുതിയ ഭാരവാഹികൾ ചുമതലയേറ്റു. പുതിയ യൂണിറ്റു ഭാരവാഹികൾക്കു സംസ്ഥാന സമിതിയുടെ ആശംസകൾ.

തിരുവനന്തപുരത്ത് ആഘോഷത്തിനു നടി ശാരദയെ കൊണ്ടുവരാൻ കഴിഞ്ഞതു സെക്രട്ടറി ശ്രീ. പ്രസാദ്‌വർമ്മ തമ്പുരാന്റെ പ്രത്യേക പരിശ്രമഫലം കൊണ്ടുമാത്രമാണ്. ഇത്തവണയും ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ഉത്സവ ആറാട്ടിനു സഭയുടെ പ്രതിനിധികൾ വാളും പരിചയും പിടിച്ച് അകമ്പടി സേവിച്ചു. സഭയുടെ പ്രതിനിധികളായി എഴുന്നെള്ളത്തിൽ പങ്കെടുത്ത എല്ലാവർക്കും കേന്ദ്രസമിതിയുടെ ആശംസകൾ.

ശബരിമലയുമായും പന്തളം അയ്യപ്പ ക്ഷേത്രവുമായും ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളിൽ പന്തളം യൂണിറ്റ് ശക്തമായി പ്രതികരിച്ചു. ഈ വിഷയത്തിൽ ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമിതിയും ഗൗരവമായി ഇടപെടുകയും പ്രതികരിക്കുകയും ചെയ്തു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമിതി ട്രഷററും പന്തളം കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റുമായ ശ്രീ. പി. ജി. ശശികുമാർ വർമ്മ ഇക്കാര്യത്തിൽ സജീവമായ പങ്കാളിത്തം വഹിച്ചു. പ്രശ്നം ജനകീയ ശ്രദ്ധയിൽ കൊണ്ടുവരാൻ ഇതു സഹായകമായി.

പ്രവർത്തനം തുടങ്ങി വളരെക്കുറച്ചുസമയത്തിനുള്ളിൽ തന്നെ സംസ്ഥാന സമിതിക്കു പ്രവർത്തനഫണ്ടായി നല്ലൊരു തുക സംഭാവന ചെയ്ത് എറണാകുളം യൂണിറ്റ് കേന്ദ്രസഭയ്ക്കു കൈത്താങ്ങായി. സഭ ലക്ഷ്യമിട്ടിരിക്കുന്ന പണസമാഹാരണത്തിനു ഇതു പ്രചോദനമാകും. സംസ്ഥാന വാർഷിക സമ്മേളനം നടത്തതക്ക രീതിയിലുള്ള സംഘടനാപരമായ ഊർജസ്വലതയും കാട്ടിയ യൂണിറ്റിലെ മുഴുവൻ അംഗങ്ങൾക്കും സംസ്ഥാന സമിതിയുടെ ഊഷ്മളമായ അഭിനന്ദനങ്ങൾ.

തൃപ്പൂണിത്തുറ കേന്ദ്രമായി പ്രവർത്തിക്കുന്ന കൊച്ചി ക്ഷത്രിയ സമാജം എൺപത്തിനാലാം പിറന്നാൾ ആഘോഷിച്ചതിന്റെ നിറപ്പകിട്ടിലാണ്. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ മികവുറ്റ രീതിയിൽ സംഘടിപ്പിച്ച് സംസ്ഥാനത്തെ മുഴുവൻ ക്ഷത്രിയരുടെയും ശ്രദ്ധയാകർഷിച്ചു. ആഘോഷങ്ങൾക്കു നേതൃത്വം നൽകിയതു സമാജത്തിന്റെ ഭാരവാഹികളായ സർവ്വശ്രീ. പി.കെ. രാമവർമ്മ (രക്ഷാധികാരി), പി.എം. രമേഷ് വർമ്മ (പ്രസിഡന്റ്), അജിത് രാമവർമ്മ (സെക്രട്ടറി), എ.ആർ. ഗിരീഷ് വർമ്മ (ജനറൽ കൺവീനർ) എന്നിവർ അടങ്ങിയ സമിതിയാണ്. ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന ഭാരവാഹികളിൽ മിക്കവരെയും വിവിധ പരിപാടികളിൽ ക്ഷണിക്കുകയും അവർ പങ്കെടുക്കുകയും ചെയ്തു. പ്രവർത്തകരെ അഭിനന്ദിക്കുന്നതോടൊപ്പം കൊച്ചി ക്ഷത്രിയ സമാജത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കോട്ടയം യൂണിറ്റ് വാർഷികത്തിൽ ക്ഷത്രിയം ക്ലോക്കിന്റെ വിതരണോദ്ഘാടനം നടത്താനായത് സഭയുടെ ചെറുകിട നിർമാണ യൂണിറ്റു ഫലപ്രദമായി തുടങ്ങാൻ കഴിയുമെന്നതിന്റെ തെളിവായി. സഭയുടെ നേതൃത്വത്തിലുള്ള ശ്രേഷ്ഠ സോഷ്യൽ വെൽ ഫെയർ സൊസൈറ്റിയും രജിസ്ട്രേഷനോടുകൂടി യാഥാർഥ്യമായി. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സജീവമാകുന്നതോടെ സഭയുടെ പ്രവർത്തനത്തിലെ ഒരു നാഴികകല്ലാകും അത്. അധ്യയന വർഷാരംഭത്തിൽ പുറത്തിറക്കിയ സ്കൂൾ കുട്ടികൾക്കായുള്ള നെയിംസ്ലിപ്പ്, സമാദരം ഡോക്യുമെന്ററിയുടെ രണ്ടാംഭാഗം എന്നിവയും ശ്രദ്ധിക്കപ്പെട്ടു. ഇതോടൊപ്പം തന്നെ ക്ഷത്രിയം കീചെയിൻ സഭയുടെ പുറത്തുള്ളവർ പോലും പ്രശംസിച്ച അനുകരണീയ മാതൃകയായി. യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും സംസ്ഥാന സമിതിയുടെ അഭിനന്ദനങ്ങൾ.

സഭയ്ക്ക് സ്വന്തമായി ആസ്ഥാനവും വർഷങ്ങളായുള്ള അടിസ്ഥാന പ്രവർത്തനങ്ങളിലൂടെയും നല്ല

വേരോട്ടമുള്ള യൂണിറ്റുകളാണ് തിരുവല്ലയും ചേർത്തലയും. ഈ യൂണിറ്റുകൾ അംഗങ്ങളുടെ കൂട്ടായ്മ നിലനിർത്തുന്നതിൽ കാണിക്കുന്ന താല്പര്യങ്ങൾ എക്കാലവും നിലനിൽക്കട്ടെയെന്ന് ആശംസിക്കുന്നു. വടക്കൻ ജില്ലകളിൽ കരിവെള്ളൂർ, ചാലക്കുടി എന്നീ യൂണിറ്റുകൾ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കാണിക്കുന്ന ശുഷ്കാന്തിയും പ്രത്യേക പരമാർശം അർഹിക്കുന്ന പ്രവർത്തനങ്ങളാണ്.

**കേന്ദ്രസഭയുമായി അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാദേശിക യൂണിറ്റുകൾ**

നീലേശ്വരം, കരിവെള്ളൂർ, പിലാത്തറ, ഇരിട്ടി, ചിറയ്ക്കൽ, തൃശ്ശൂർ, ഇരിങ്ങാലക്കുട, കൊരട്ടി, ചാലക്കുടി, കുറ്റിലഞ്ഞി, വെള്ളാരപ്പള്ളി, എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, വൈക്കം, കോട്ടയം, ചേർത്തല, ആലപ്പുഴ, പന്തളം, തിരുവല്ല, തിരുവനന്തപുരം.

## പ്രവർത്തനം വ്യാപിപ്പിക്കേണ്ട മേഖലകൾ

സജീവമായ യൂണിറ്റുകളെക്കുറിച്ച് അഭിമാനത്തോടെ പറയുമ്പോൾ തന്നെ സഭ പണ്ട് പ്രവർത്തനക്ഷമമായിരുന്ന പലമേഖലകളിലും ഇനിയും നമുക്ക് കടന്നു ചെല്ലാൻ കഴിഞ്ഞിട്ടില്ലെന്ന യാഥാർഥ്യം കൂടി തിരിച്ചറിയണം. കോഴിക്കോട് പ്രദേശത്ത് മാങ്കാവ്, തിരു വെണ്ണൂർ, നല്ലളം പന്തിരങ്കാവ്, ബേപ്പൂർ , ബാലുശേരി, മലപ്പുറത്ത് മങ്കട, കോട്ടയ്ക്കൽ, തിരൂർ, പാലക്കാട് പെരിങ്ങോട്, ചെറുപ്പുളശേരി, കരുംകുളം, ആലപ്പുഴ, അമ്പലപ്പുഴ, കായംകുളം, ഹരിപ്പാട്, തഴവാ, പത്തനംതിട്ട, ഓമല്ലൂർ എന്നിവിടങ്ങളിലെല്ലാം പണ്ട് പ്രവർത്തനം ഉണ്ടായിരുന്നതാണ്. സമീപഭാവിയിൽ ഇതിൽ പല യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കാൻ കഴിയുമെന്നാണു പ്രതീക്ഷ. ഈ സ്ഥലങ്ങളുടെ സമീപത്തുള്ള യൂണിറ്റുകളും സംസ്ഥാന സമിതി ഭാരവാഹികളും ഉത്സാഹിച്ചാൽ ഇതിൽ പലതും ഫലവത്താകും.

## സ്ത്രീ ശാക്തീകരണത്തിനു വനിതാ വിഭാഗം

സ്ത്രീ ശാക്തീകരണത്തിനു എല്ലാ സമുദായങ്ങളും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്ന തിരിച്ചറിവിൽ സംസ്ഥാനതല വനിതാ വിഭാഗത്തിനു രൂപം നൽകി. ചുരുങ്ങിയ കാലയളവിനുള്ളിൽ വലിയ മുന്നേറ്റമാണ് ഈ രംഗത്ത് ഉണ്ടായത്. തിരുവനന്തപുരം, തിരുവല്ല, കോട്ടയം, പന്തളം, തൃപ്പൂണിത്തുറ, വൈക്കം, ചേർത്തല, വെള്ളാരപ്പള്ളി, എറണാകുളം, ചാലക്കുടി എന്നിവിടങ്ങളിൽ വനിതാ പ്രവർത്തകരുടെ സജീവ സാന്നിധ്യം ഈ റിപ്പോർട്ട് വർഷക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. വനിതാ യൂണിറ്റുകൾ സ്വയം പര്യാപ്തത നേടുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തി വരുന്നു.

തിരുവാതിര കളിയിൽ മിക്കയൂണിറ്റുകളും പരിശീലനം നേടുന്നുണ്ട്. അതിൽ വിവിധ സമ്മാനങ്ങൾ ലഭിച്ച യൂണിറ്റുകളും ഉണ്ട്. വെള്ളാരപ്പള്ളി യൂണിറ്റ് സമുദായത്തിനു പുറത്തുള്ള മത്സരങ്ങളിൽ പോലും സംസ്ഥാനതലത്തിൽ സമ്മാനം നേടിയിട്ടുണ്ടെന്നത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തൃപ്പൂണിത്തുറയും പന്തളവും മികച്ച തിരുവാതിരകളി ഗ്രൂപ്പിനെ വളർത്തിയെടുത്തിട്ടുണ്ട്. വൈക്കത്തും തിരുവനന്തപുരത്തും നല്ല പരിശീലനം നടന്നു വരുന്നുണ്ട്. തിരുവനന്തപുരത്ത് വനിതകളുടെ കൂട്ടായ്മ ഭക്ഷ്യമേളയും, ആഭരണ നിർമ്മാണ മേളയും നടത്തിയത് ഏറെ ശ്രദ്ധയാകർഷിച്ചു.

വനിതാ വിഭാഗത്തിനു ടി.കെ. ലീലാഭായി തമ്പുരാട്ടി പ്രസിഡന്റും കോമളവല്ലി കൃഷ്ണവർമ്മ ജനറൽ സെക്രട്ടറിയുമായി സമിതി പ്രവർത്തിച്ചു വരുന്നു.

## ക്ഷാത്രസ്പന്ദനം – സഭയുടെ തേജസുള്ള മുഖം

കലാ –കായിക രംഗത്തെന്ന പോലെ സാഹിത്യരംഗത്തും മികച്ച സംഭാവനകൾ നൽകുന്നതിൽ ക്ഷത്രിയർക്കുള്ള പങ്ക് വളരെ വലുതാണ്. പൊതു മാധ്യമരംഗങ്ങളിൽ ശ്രദ്ധനേടിയ ഒട്ടേറെപ്പേർ ഉണ്ട്. നോവലിസ്റ്റുകളും കവികളും പ്രസാധകരും പത്രപ്രവർത്തകരുമായി നീണ്ട നിരതന്നെ എടുത്തു പറയാനുണ്ട്. ഇതിനു പുറമേയാണ് സഭയുടെ മുഖമാസികയായ ക്ഷാത്രസ്പന്ദനം സമുദാ യത്തിലെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമം തുടരുന്നത്. അച്ചടിയിലും എഡിറ്റിങ്ങിലും മികവു പുലർത്തുന്ന ക്ഷാത്രസ്പന്ദനം ഇപ്പോൾ മൂന്നു മാസത്തിൽ ഒരിക്കൽ മാത്രമാണ് പ്രസിദ്ധീകരിക്കുന്നത്. ഇത് രണ്ടു മാസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിക്കണമെന്ന നിർദേശം വായനക്കാരിൽ നിന്നും ഉയർന്നിട്ടുണ്ട്. സഭയുടെ ഗവേണിങ് ബോഡി ഇതു ചർച്ച ചെയ്യുകയും ചെയ്തു. എന്നാൽ അംഗങ്ങളുടെ അഭിപ്രായം കൂടി കണക്കിലെടുത്താകും തീരുമാനം. അച്ചടിയിലും മറ്റും ഉണ്ടായിട്ടുള്ള വൻസാമ്പത്തിക വർധന മാസികയുടെ നടത്തിപ്പ് മുന്നോട്ടു കൊണ്ടു പോകാൻ ബുദ്ധിമുട്ടുന്ന കാര്യവും മറച്ചുവയ്ക്കുന്നില്ല. എന്നാൽ അതെല്ലാം തരണം ചെയ്ത് നല്ല രീതിയിൽ പ്രസിദ്ധീകരണം മുടക്കം കൂടാതെ നടത്തണം എന്നു തന്നെയാണ് സഭയുടെ സംസ്ഥാന സമിതിക്കുള്ളത്.

പ്രസിദ്ധീകരണം ഏതുരീതിയിൽ ലാഭകരമായും മനോഹരമായും പുറത്തിറക്കാ മെന്നതിനുള്ള നിർദേശങ്ങൾ അംഗങ്ങൾക്കു മുന്നോട്ടുവയ്ക്കാവുന്നതാണ്. കൂടുതൽ പരസ്യങ്ങളും ലേഖനങ്ങളും കൂടി നൽകി മാസിക സമ്പുഷ്ടമാക്കണമെന്ന നിർദേശവും എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തട്ടെ. നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എഡിറ്റോറിയൽ ബോർഡാണ് മാസികയ്ക്കുള്ളത്. ശ്രീ. എം.രവിവർമ്മ രാജായാണ് മുഖ്യപത്രാധിപർ. ശ്രീ. കെ.എൽ. ശ്രീകൃഷ്ണദാസ് എഡിറ്റോറിയൽ അ ഡൈ്വസറായും സേവനമനുഷ്ഠിക്കുന്നു. വാർത്തകൾക്കും പ്രധാന്യം നൽകിയാണ് മാസിക പ്രസിദ്ധീകരി ക്കുന്നത്. അതിനാൽ യൂണിറ്റുകൾ

സഭയുമായി ബന്ധപ്പെട്ടതും സഭ അംഗങ്ങളുടെ വ്യക്തിഗത നേട്ടങ്ങളും എഴുതി അറിയിക്ക ണം. മാസികയ്ക്കു രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സിന്റെ അംഗീകാരവും രജിസ്ട്രേഷൻ നമ്പരും ലഭിച്ചപ്പോൾ വാർത്താ മാധ്യമം എന്നതിനു പ്രധാന്യം നൽകണമെന്നു പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു. അതുംകൂടി കണത്തിലെടുത്ത് യൂണിറ്റുകൾ വാർത്തകൾ അയക്കണം. മാത്രമല്ല, കൂടുതൽ വരിക്കാരെ ചേർക്കുന്നതിലും ഉത്സാഹം കാണിക്കണം. ക്ഷാത്രസ്പന്ദനം എഡിറ്റോറിയൽ ബോർഡിലെ മറ്റംഗങ്ങൾ : സർവ്വശ്രീ. പ്രൊഫ. കെ. എൻ. എസ്. വർമ്മ, ആത്മജവർമ്മ തമ്പുരാൻ, ഡോ.എം.ലളിതാംബിക, എസ്. അജയകുമാർ വർമ്മ, പി.എൻ. ആദിത്യവർമ്മ തമ്പാൻ, ആർ. കിഷോർകുമാർ വർമ്മ, പി.ജി. ശശികുമാർ വർമ്മ, പി.കെ. ജയചന്ദ്രവർമ്മ.

ഇതോടൊപ്പം സഭയുടെ ക്ഷാത്രജാലകം എന്ന വെബ്സൈറ്റിന്റെ രജിസ്ട്രേഷൻ ഇത്തവണയും പുതുക്കിയിട്ടുണ്ട്. ശ്രീ. രാമദാസാണ് ക്ഷാത്രജാലകത്തിന്റെ കോ –ഓർഡിനേറ്റർ. കൂടുതൽ അംഗങ്ങൾ സൈറ്റ് വീക്ഷിക്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശുഷ്കാന്തി കാണിക്കണമെന്നു വിനീതമായി അഭ്യർഥിക്കുന്നു. മലയാളം വിക്കിപീഡിയായിലും ക്ഷത്രിയക്ഷേമസഭയെക്കുറിച്ചുള്ള വിവരങ്ങൾ ചേർത്തിട്ടുണ്ട്.

## അമേരിക്കയിലെ ക്ഷത്രിയ കൂട്ടായ്മയും റിയാക്ടിന്റെ ജീവകാരുണ്യ പ്രവർത്തനവും

ക്ഷേമ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകിയാണ് സഭ എക്കാലവും പ്രവർത്തിച്ചു വരുന്നത്. വിദ്യാഭ്യാസ – ആതുരശുശ്രൂഷ രംഗത്ത് സാമ്പത്തിക സഹായം നൽകുന്നതിനു റിയാക്ട് (റോയൽ എജ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്)സജീവമായി പ്രവർത്തിക്കുന്നത് എല്ലാവർക്കും അിറവുള്ളതാണല്ലോ. അതിന്റെ സേവനം പ്രയോജനപ്പെടുത്താൻ കൂടുതൽ യൂണിറ്റുകളും ശ്രമിക്കണം. 2015–16 സാമ്പത്തിക വർഷത്തിൽ ഏഴു പേർക്കായി 60,000 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഇത് ഉൾപ്പെടെ ഈ റിപ്പോർട്ടു കാലയളവിൽ വരെ ആകെ 11 പേർക്കായി 99,000 രൂപ ധനസഹായം നൽകി.

ശ്രീമതി. ഡോ. എം. ലളിതാംബികയാണ് റീയാക്ടിന്റെ ചെയർ പേഴ്സൺ. ശ്രീ. എം.രവിവർമ്മരാജാ വൈസ് ചെയർമാനായും ശ്രീ. പി.കെ. രഘുവർമ്മ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു. സഭയുടെ ട്രഷറാർ ശ്രീ. പി.ജി. ശശികുമാർ വർമ്മ ജോ. സെക്രട്ടറിയും ശ്രീ. കെ.എൻ. രാമവർമ്മ ട്രഷറാറുമാണ്.

ഇതിനു പുറമേയാണ് അമേരിക്കയിൽ താമസിക്കുന്ന ക്ഷത്രിയരുടെ കൂട്ടായ്മ സഭയുമായി യോജിച്ച് ജീവകാരുണ്യ പ്രവർത്തനം നടത്താൻ തയാറായിട്ടുള്ളത്. സഭാ അംഗങ്ങളിൽ ചികിത്സയ്ക്കും പഠനത്തിനും സഹായം അർഹിക്കുന്നവരെ കണ്ടെത്തി ക്ഷത്രിയ ക്ഷേമ സഭ സംസ്ഥാന സമിതി അമേരിക്കയിലെ ക്ഷത്രിയ കൂട്ടായ്മയെ വിവരം അിറയിക്കുകയാണ് ചെയ്യുന്നത്. ഇതിനു പ്രത്യേക മായി അപേക്ഷാഫോറവും തയാറാക്കിയിട്ടുണ്ട്. യൂണിറ്റുകൾ നിർദേശിക്കുന്ന അപേക്ഷകളിൽ മതിയായ അന്വേഷണം നടത്തി അർഹമായ അപേക്ഷകൾ സംസ്ഥാന സമിതി അമേരിക്കയിലെ കൂട്ടായ്മയ്ക്കു നൽകും. അപേക്ഷ പരിഗണിക്കേണ്ടതാണെന്നു അവർക്കു കൂടി ബോധ്യപ്പെട്ടാൽ പണം നേരിട്ട് അപേക്ഷകനു അയച്ചു കൊടുക്കും. ഇതാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടിക്രമം. ഈ പദ്ധതി നടപ്പാക്കുന്നതിൽ സഭയുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.എൻ. സുരേന്ദ്രനാഥവർമ്മ പ്രത്യേക താ ൽപര്യമെടുത്തിട്ടുണ്ട്. ചേർത്തല മാളികയിൽ ശ്രീ. ഇ. എൻ. ബി. വർമ്മ (ബാലാജി) പദ്ധതിയുടെ കോ – ഓർഡിനേറ്റർ എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് സഭയ്ക്കു വേണ്ടി നടത്തിയത്. സംരംഭത്തിനു വേണ്ടി യത്നിക്കുകയും ലക്ഷ്യത്തിലെത്തിക്കുകയും ചെയ്ത ഇവരോടുള്ള സംസ്ഥാന സംസ്ഥാന സമിതിയുടെ നന്ദിയും കടപ്പാടും രേഖപ്പെടുത്താൻ കൂടി ഈ അവസരം വിനിയോഗിക്കട്ടെ. ചേർത്തല യൂണിറ്റിൽ നിന്നുള്ള രണ്ട് അപേക്ഷകൾ പരിഗണിച്ച് ധനസഹായം നൽകുകയും ചെയ്തു.

കൂടാതെ ഗൾഫ് മേഖലയിലെ ക്ഷത്രിയരുടെ സംഘടനയായ വായുവും സഭ മുഖാന്തിരം ധനസഹായം നൽകുന്നുണ്ട്. ഇവരോടുള്ള നന്ദിയും രേഖപ്പെടുത്തട്ടെ. ഇത്തവണ വെള്ളാരപ്പള്ളി യൂണിറ്റിൽനിന്നുള്ള അപേക്ഷ പരിഗണിച്ച് ഒരു കുടുംബത്തിന് (ശ്രീ. കെ.ജി. രഘുവിന്റെ മകൻ ശ്രീ. ഗോകുൽകൃഷ്ണയ്ക്ക്) ധനസഹായം നൽകി.

## അടുത്തൂൺ

ക്ഷത്രിയ കുടുംബാംഗങ്ങളിൽ ചിലർക്കെങ്കിലും കിട്ടിക്കൊണ്ടിരിക്കുന്ന പ്രതിമാസ പെൻഷൻ (അടുത്തൂൺ) വർധിപ്പിക്കണമെന്നതു വർഷങ്ങളായുള്ള ആവശ്യമാണ്. ഇതിനായി നിയമ പോരാട്ടവും അതോടൊപ്പം സംഘടന എന്ന രീതിയിലുള്ള സമ്മർദവും ചെലുത്തി വരുകയാണ്. ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന നേതൃത്വം സംസ്ഥാന ധനവകുപ്പ് മന്ത്രി ശ്രീ. തോമസ് ഐസക്കിനെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു. അടുത്ത നിയമസഭ ബജറ്റിൽ ഇത്തരം പെൻഷനുകൾ ഏകീകരിക്കാമെന്ന ഉറപ്പാണ് നിവേദക സംഘത്തിനു ലഭിച്ചത്. സർവശ്രീ. കെ.എൻ.എസ്. വർമ്മ, എം. രവിവർമ്മ രാജ, പി.ജി. ശശികുമാർ വർമ്മ, പി.കെ. ജയചന്ദ്രവർമ്മ എന്നിവരാണ് നിവേദക സംഘത്തിൽ ഉണ്ടായിരുന്നത്. ഇതോടൊപ്പം ചരിത്രപരമായി പ്രാധാന്യമുള്ള ജീർണ്ണിച്ച കൊട്ടാരങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി തയ്യാറാക്കി നൽകിയാൽ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ബഹു. മന്ത്രി തോമസ് ഐസക് ഉറപ്പു നൽകിയിട്ടുണ്ട്.

## സംസ്ഥാന സമിതി ഓഫീസ് നിർവഹണം

ക്ഷത്രിയ ക്ഷേമസഭയുടെ ഓഫിസ് ഇപ്പോൾ തിരുവനന്തപുരം സുന്ദരവിലാസം കൊട്ടാരത്തിലാണ് പ്ര

വർത്തിക്കുന്നത്. സംഘട നയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഓഫിസിൽ ഒരു വനിതാ ഉദ്യോഗസ്ഥയെ (ശ്രീമതി രഞ്ജിനി ജഗദീഷ്) താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു. ഓഫിസ് കെട്ടിടം നവീകരിക്കുന്നതിനു ബഹു. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായ് അവർകളോടു അനുമതി ചോദിക്കുകയും അതിനു അനുവാദം തരുകയും ചെയ്തിട്ടുണ്ട്. നിയമാനുസൃതമായ രൂപഘടനയിൽ പരമിതികൾക്കുള്ളിൽ നിന്നു ഓഫിസ് പരിഷ്ക്കരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. ഇതോടൊപ്പം ഉചിതമായ മറ്റു സ്ഥലങ്ങളിൽ ആസ്ഥാന മന്ദിരം പണിയുന്നതിനുള്ള സാധ്യതയും സഭ സജീവമായി പരിഗണിച്ചു വരുന്നുണ്ട്. ഫണ്ട് സമാഹരണത്തിന്റെ നല്ല ഒരുഘട്ടം പൂർത്തിയായാൽ ഇക്കാര്യങ്ങളിൽ വേഗം കൂടും എന്നാണ് പ്രതീക്ഷിക്കുന്നത്.

## കേന്ദ്രസഭ നൽകി വരുന്ന സ്കോളർഷിപ്പുകളും എൻഡോവ്മെന്റുകളും

**1. മഹാറാണി സേതുപാർവ്വതിഭായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പ്**

| | |
|---|---|
| എഞ്ചിനീയറിംഗ് | – 10,000 രൂപ വീതം 4 വർഷത്തേക്ക് |
| മെഡിസിൻ | – 10,000 രൂപ വീതം 4 വർഷത്തേക്ക് |
| ഫൈൻ ആർട്സ് | – 5,000 രൂപ വീതം 3 വർഷത്തേക്ക് |
| ഡിഗ്രിക്ക് | – 5,000 രൂപ വീതം 3 വർഷത്തേക്ക് |

**2. സി.കെ. രാമവർമ്മരാജ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ ഇംഗ്ലീഷിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**3. അഡ്വ. കേരളവർമ്മ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ കണക്കിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**4. കെ.വി. രാജ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ ഫിസിക്സിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**5. ഭാനുരാജ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ കെമിസ്ട്രിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**6. പത്മഭൂഷണൻ രാഘവൻ തിരുമുൽപ്പാട് സ്മാരക എൻഡോവ്മെന്റ്**

സംസ്കൃതം/ആയുർവ്വേദ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടിക്ക് 1000 രൂപ വീതം

**7. VAU (Varma Association of UAE) ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ്**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡിഗ്രിക്ക് പഠിക്കുന്ന 2 കുട്ടികൾക്ക് 12,000 രൂപ വീതം 3 വർഷത്തേയ്ക്ക്

## ഉപസംഹാരം

ക്ഷത്രിയ ക്ഷേമ സഭയുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം നൽകി കൊണ്ടിരിക്കുന്ന ബഹുമാന്യരായ സഭാംഗങ്ങളോടുള്ള കടപ്പാടും സ്നേഹവും ഈ അവസരത്തിൽ കൃതജ്ഞതാപൂർവം രേഖപ്പെടുത്തികൊള്ളുന്നു. 2015– 16 ലെ വാർഷിക റിപ്പോർട്ട് പൊതുയോഗത്തിൽ അംഗങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സംസ്ഥാന സമിതിക്കു വേണ്ടി,

ജനറൽ സെക്രട്ടറി
**ആത്മജ വർമ്മ തമ്പുരാൻ**

തിരുവനന്തപുരം
17–12–2016